**പ്രത്യേക പരാമർശം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ ഒഴിവാക്കിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട കോൺഗ്രസ് നിയമസഭാകക്ഷി സെക്രട്ടറി ശ്രീ. എ. പി. അനിൽകുമാർ അങ്ങേയ്ക്കൊരു പരാതി നൽകിയിരുന്നു. അതായത് നക്ഷത്രചിഹ്നമിട്ട ചോദ്യമായി നൽകിയിരുന്ന 26 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിലേയ്ക്ക് മാറ്റിയിരിക്കുന്നു. ഇങ്ങനെയൊരു സംഭവം ഒരിക്കലും സഭയിൽ നടക്കാത്തതാണ്. മാത്രമല്ല, ഗവൺമെന്റിന് അപ്രിയമായ ചോദ്യങ്ങൾ മുഴുവൻ സഭയിൽ വരാതിരിക്കാൻവേണ്ടി അത് നക്ഷത്രചിഹ്നമിടാത്ത ചോദ്യമാക്കി മാറ്റിയിരിക്കുന്ന കാര്യം അങ്ങ് പരിശോധിക്കണം. അങ്ങയുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ടാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

മി. സ്പീക്കർ: പരാതി കിട്ടിയിട്ടുണ്ട്. അത് പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, വേറൊരു വിഷയംകൂടി ഇന്നുണ്ടായിട്ടുണ്ട്. അങ്ങത് ശ്രദ്ധിക്കണം; ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത ഏഴാമത്തെ ചോദ്യത്തിലെ (സി)-ൽ സംസ്ഥാനത്തെ എം.പി.-മാരിൽ

മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താത്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിനനുഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ? എന്നാണ് ചോദിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നത് വളരെ unfair ആണ്.

മി. സ്പീക്കർ: ഇത്തരം കാര്യങ്ങൾ പരിശോധിക്കാം. ബഹുമാനപ്പെട്ട അംഗം എ. പി. അനിൽകുമാർ നൽകിയിട്ടുള്ള പരാതി ചെയറിന്റെ പരിഗണനയിലാണ്. അത് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇപ്പോൾ പറഞ്ഞതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിൽ, ജനങ്ങൾ തെരഞ്ഞെടുത്ത സംസ്ഥാനത്തെ എം.പി.-മാർ വികസനവിരുദ്ധരാണെന്ന ചോദ്യം അസംബ്ലിയിൽ വരാൻ പാടില്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ച കാര്യവും പരിശോധിക്കാം.